പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5211 — 24.10.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി. യെ പുരോഗതിയിലേയ്ക്ക് നയിക്കാൻ നടപടികൾ

ചോദ്യം — ഉത്തരം

ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീമതി. ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഡ്രൈവർമാരുടെ കുറവ്, ഇന്ധനക്ഷാമം, ടയർ, സ്പെയർ പാർട്ട്സ് ക്ഷാമം എന്നിവമൂലം കെ.എസ്.ആർ.ടി.സി.യിൽ പ്രതിദിനം എത്ര ബസ് സർവ്വീസുകൾ മുടങ്ങുന്നുണ്ട് ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി. 5311 ഷെഡ്യൂളുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഇവയിൽ ശരാശരി 4700-നും 4800-നും ഇടയ്ക്ക് സർവ്വീസുകൾ പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ഡ്രൈവർമാരുടെ കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിൽ പോലും ചില ദിവസങ്ങളിൽ 4900-നും 5000-നും ഇടയ്ക്ക് സർവ്വീസുകൾ വരെ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. ഓപ്പറേറ്റ് ചെയ്യുവാൻ അനുവാദം നൽകിയിട്ടുള്ള 5311 ഷെഡ്യൂളുകളിൽ കുറഞ്ഞത് 400 ഓളം ഷെഡ്യൂളുകളെങ്കിലും തീരെ വരുമാനം കുറഞ്ഞ ഡി പൂളിൽ പെടുത്തിയിട്ടുള്ളവയാണ്. ഇവ കൂടി ഓപ്പറേറ്റ് ചെയ്യുന്നത് കൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് കാര്യമായ വരുമാന വർദ്ധനവ് ഉണ്ടാകുമെന്ന് കരുതുന്നില്ല.<br>ടയർ, സ്പെയർ പാർട്സ്, ഇന്ധനക്ഷാമം എന്നീ കാരണങ്ങളാൽ സർവ്വീസുകൾ ഒന്നുംതന്നെ മുടങ്ങുന്നില്ല. ശരാശരി 100 മുതൽ 120 വരെ ബസ്സുകൾ എല്ലാ ദിവസങ്ങളിലും സ്പെയർ ബസ് ആയി നിലനിർത്താറുണ്ട്. |
| (ബി) | ഇത്തരത്തിൽ സർവ്വീസുകൾ മുടങ്ങുന്ന വകയിൽ പ്രതിദിനം എത്ര തുക നഷ്ടം വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| (സി) | ആയിരം പുതിയ ബസ്സുകൾകൂടി നിരത്തിലിറക്കുമ്പോൾ ആയിരം സർവ്വീസുകൾ കൂടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; | (സി) | ആയിരം ബസ്സുകൾ നിരത്തിലിറക്കുമ്പോൾ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് പകരം നൽകുന്നതും 5 വർഷ കാലാവധി പൂർത്തിയായ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള ബസ്സുകൾക്ക് മാറ്റിക്കൊടുക്കുന്നതും കഴിച്ച് പരമാവധി 600 പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്. |
| (ഡി) | കാലപ്പഴക്കത്തെ തുടർന്ന് പിൻവലിക്കേണ്ട എത്ര ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | Kerala Motor Vehicles Rules പ്രകാരം ഒരു സ്റ്റേജ് ക്യാരേജ് ബസ് 15 വർഷമാണ് സർവ്വീസ് നടത്താവുന്നത്. ഇത്രയും കാലപ്പഴക്കംചെന്ന ഒരു ബസ്സും ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ